**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3476** **26-06-2024 - ൽ മറുപടിയ്ക്ക്**

**നദികളിൽ നിന്നുള്ള മണൽ വാരൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികളിൽ നിന്നും മണൽ വാരുന്നതിലൂടെ 200 കോടി സമാഹിക്കരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ നദികളിൽ നിന്നും 200 കോടി സമാഹിക്കരിക്കുന്ന ഒരു പദ്ധതി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ നദികളിൽ നിന്നും മണൽ ഖനനം ചെയ്യുന്നതിന് ബഹു.സുപ്രീംകോടതി *27.02.2012*-ന് പുറപ്പെടുവിച്ച ദീപക് കുമാർ *vs.* ഹരിയാന സംസ്ഥാനം വിധിയുടെയും ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ *05.09.2013*-ൽ പുറപ്പെടുവിച്ച *OA No.171/2013/PB* വിധിയുടെയും *24.06.2021*-ൽ പുറപ്പെടുവിച്ച *OA No.01/2021/SZ* വിധിയിയുടെയും അടിസ്ഥാനത്തിൽ സ്റ്റേറ്റ് എൻവിയോൺമെൻറ് ഇംപാക്റ്റ് അസ്സസ്മെൻറ് അതോറിറ്റിയിൽ *(SEIAA)* നിന്നുള്ള പാരിസ്ഥിതിക അനുമതി *(Environmental Clearance)* നിർബന്ധമാണ്. *നിലവിൽ* പാരിസ്ഥിതിക അനുമതി *(EC)* ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | ഇപ്രകാരം കോരി മാറ്റാൻ കഴിയുന്ന എത്ര അളവ് മണൽ ഉണ്ടെന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ എന്തെങ്കിലും നടത്തുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു. ദേശീയ ഹരിത ട്രിബൂണലിന്റെ 14.10.2020 ലെ OA No.40/2020/EZ & 57/2020/EZ നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം വകുപ്പ് (29)-നെ അടിസ്ഥാനമാക്കി റവന്യൂ വകുപ്പ് നടത്തിയ 32 നദികളുടെ സാൻഡ് ഓഡിറ്റിംഗിൽ മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ള 17 നദികൾ ഉൾപ്പെട്ടിട്ടുള്ള 11 ജില്ലകളുടെ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് (DSR) തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയായതാണ്.<br><br>അതിൻ പ്രകാരം കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിൽ മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട്, ഇടുക്കി, കോട്ടയം |

| | | | |
|---|---|---|---|
| | | | എന്നീ 3 ജില്ലകളിൽ കരട് ഡി.എസ്.ആർ പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല.<br><br>നിശ്ചിത നടപടിക്രമം പാലിച്ച് മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കൊല്ലം ജില്ലകളുടെ ഡി.എസ്.ആറിനു SEIAA-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>കൊല്ലം ജില്ലയിലെ മണൽ ലഭ്യതയുള്ള രണ്ട് കടവുകളും കുളത്തൂപ്പുഴ റിസർവ് വനമേഖലയിലും കുളത്തൂപ്പുഴ ഇക്കോളജിക്കൽ സെൻസിറ്റീവ് ഏരിയ (ESA) വില്ലേജ് പരിധിയിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ പുഴമണൽ ഖനനം ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ പാടില്ല എന്ന് SEIAA നിർദ്ദേശിച്ചിട്ടുണ്ട്.<br><br>കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ കരട് ഡി.എസ്.ആർ-കളുടെ സ്റ്റേറ്റ് എൻവിയോൺമെൻറ് അപ്രൈസൽ കമ്മിറ്റിയുടെ (SEAC) പരിശോധന പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ജില്ലകളുടെ പരിഷ്കരിച്ച ഡി.എസ്.ആർ SEIAA-ൽ സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. പത്തനംതിട്ട, എറണാകുളം ജില്ലകളുടെ കരട് ഡി.എസ്.ആർ. പബ്ലിക് കൺസൾട്ടേഷന്റെ ഭാഗമായി ബന്ധപ്പെട്ട ജില്ലകളുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഡി.എസ്.ആർ-ൽ കണ്ടെത്തിയിട്ടുള്ള കടവുകളുടെ സ്ഥല പരിശോധന ബന്ധപ്പെട്ട ആർ.ഡി.ഒ.-യുടെ അധ്യക്ഷതയിലുള്ള സബ്-ഡിവിഷണൽ കമ്മറ്റിയുടെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്. |
| (സി) | സംസ്ഥാനത്തെ ജലാശയങ്ങളിൽ നിന്ന് ആകെ എത്ര അളവ് മണൽ വാരാൻ കഴിയും എന്നാണ് കണക്കാക്കിയിട്ടുള്ളത്; ഓരോ ജലാശയത്തിലും ഉള്ളതായി കണ്ടെത്തിയിട്ടുള്ള മണലിന്റെ അളവ് അറിയിക്കുമോ; | (സി) | സ്റ്റേറ്റ് എൻവിയോൺമെൻറ് ഇംപാക്റ്റ് അസ്സസ്മെൻറ് അതോറിറ്റി (SEIAA) അംഗീകരിച്ച മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളുടെ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് പ്രകാരവും CSIR-NIIST സമർപ്പിച്ച കണ്ണൂർ, കാസർഗോഡ്, എറണാകുളം, പത്തനംതിട്ട ജില്ലകളുടെ കരട് ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് പ്രകാരവും സംസ്ഥാനത്തെ മണൽ ഖനന സാധ്യതയുള്ള 13 നദികളിലായി 15307836.48 മെട്രിക് ടൺ മൈനബിൾ സാൻഡ് ലഭ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഓരോ നദിയിലും ലഭ്യതയുള്ള മൈനബിൾ സാന്റിന്റെ അളവ് **അനുബന്ധ**മായി ചേർക്കുന്നു. |
| (ഡി) | ഇപ്രകാരം മണൽ നീക്കം ചെയ്യുന്നതിന് ഏതൊക്കെ വകുപ്പുകളുടെ എന്തൊക്കെ അനുമതികളാണ് ആവശ്യമായി വരുന്നതെന്നും ഇതിൽ ഏതൊക്കെ | (ഡി) | നദികളിൽ നിന്നും മണൽ ഖനനം ചെയ്യുന്നതിന് പാരിസ്ഥിതിക അനുമതി ആവശ്യമാണ്. അതിനായി ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) സ്റ്റേറ്റ് എൻവിയോൺമെൻറ് ഇമ്പാക്ട് അസ്സെസ്സ്മെൻറ് |

| | | | |
|---|---|---|---|
| | അനുമതികളാണ് ഇതിനോടകം നേടിയിട്ടുള്ളതെന്നും അറിയിക്കാമോ; | | അതോറിറ്റി (SEIAA) അംഗീകരിക്കണം. അംഗീകൃത ഡി.എസ്.ആറിൽ ഉൾപ്പെട്ട 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള കടവുകൾക്ക് അവയുടെ അതിർത്തി നിർണയം നടത്തി തയ്യാറാക്കുന്ന മാപ്പുകൾ ബന്ധപ്പെട്ട തഹസിൽദാർ അംഗീകരിക്കണം, മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മുൻപ് ജില്ലാ ജിയോളജിസ്റ്റ് സ്ഥലപരിശോധന നടത്തി ലെറ്റർ ഓഫ് ഇൻടെന്റ് (Letter of Intent) അനുവദിക്കുകയും, മൈനിങ് പ്ലാൻ ജില്ലാ ജിയോളജിസ്റ്റ് അംഗീകാരം നൽകുകയും വേണം. പ്രസ്തുത രേഖകൾ ഉൾപ്പെടുത്തി പാരിസ്ഥിതിക അനുമതിക്കുള്ള അപേക്ഷ സ്റ്റേറ്റ് എൻവിയോൺമെൻറ് ഇമ്പാക്ട് അസ്സെസ്മെൻറ് അതോറിറ്റിയിൽ (SEIAA) സമർപ്പിച്ച് പാരിസ്ഥിതിക അനുമതി (Environmental Clearance) നേടണം. കൂടാതെ ഖനനം ആരംഭിക്കുന്നതിനു മുമ്പ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസെന്റും ജില്ലാ വിദഗ്ധസമിതിയുടെ അനുവാദവും ആവശ്യമാണ്. 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള കടവുകൾക്ക് മേൽപ്പറഞ്ഞവ കൂടാതെ എൻവിയോൺമെൻറ് ഇംപാക്ട് അസെസ്മെന്റ് (EIA), എൻവിയോൺമെൻറ് മാനേജ്മെൻറ് പ്ലാൻ (EMP), പബ്ലിക് ഹിയറിങ് നടത്തിയതിന്റെ റിപ്പോർട്ട് എന്നിവയും പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് SEIAA-ൽ സമർപ്പിക്കേണ്ടതുണ്ട്. മലപ്പുറം, തൃശ്ശൂർ, പാലക്കാട് ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് റിപ്പോർട്ടുകൾക്ക് SEIAA-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ ജില്ലകളിലെ 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള കടവുകളുടെ അതിർത്തിനിർണ്ണയ പ്രവർത്തനം പുരോഗമിക്കുന്നു. |
| (ഇ) | മണൽ വാരുന്നത് സംസ്ഥാനത്തെ പരിസ്ഥിതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തും എന്നത് സംബന്ധിച്ച് പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ എന്ന് വ്യക്താക്കാമോ? | (ഇ) | കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച സസ്റ്റൈനബിൾ സാന്റ് മൈനിങ് മാനേജ്മെൻറ് ഗൈഡ് ലൈൻസ് - 2016, എൻഫോഴ്സ്മെന്റ് ആൻഡ് മോണിറ്ററിംഗ് ഗൈഡ് ലൈൻസ് ഫോർ സാന്റ് മൈനിങ് -2020 എന്നീ രണ്ട് ഗൈഡ് ലൈനുകൾ പ്രകാരം പാരിസ്ഥിതിക ആഘാതം പരമാവധി കുറച്ചുകൊണ്ട് നദികളിൽ നിന്നും നീക്കം ചെയ്യാവുന്ന മണലിന്റെ അളവ് നിശ്ചയിക്കുന്ന ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള കടവുകൾക്ക് വേണ്ടി മൈനിങ് പ്ലാൻ തയ്യാറാക്കുന്ന ഘട്ടത്തിൽ പാരിസ്ഥിതിക ആഘാതം വിലയിരുത്തുകയും 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള കടവുകൾക്ക് എൻവിയോൺമെൻറ് ഇംപാക്ട് അസെസ്മെന്റ് (EIA), എൻവിയോൺമെൻറ് മാനേജ്മെൻറ് പ്ലാൻ (EMP) പഠനങ്ങളും |

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ കേന്ദ്ര ഗൈഡ് ലൈനുകൾ പ്രകാരം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | നദി | ജില്ല | മൈനബിൾ സാൻഡ് (മെട്രിക് ടണ്ണിൽ) |
|---|---|---|---|
| 1 | അച്ചൻകോവിൽ | പത്തനംതിട്ട | 14295 |
| 2 | പമ്പ | പത്തനംതിട്ട | 99135 |
| 3 | മൂവാറ്റുപുഴ | എറണാകുളം | 630 |
| 4 | പെരിയാർ | എറണാകുളം | 37620 |
| 5 | ഭാരതപ്പുഴ | മലപ്പുറം, പാലക്കാട്, തൃശ്ശൂർ | 13973690 |
| 6 | ചാലിയാർ | മലപ്പുറം | 280830 |
| 7 | കടലുണ്ടി | മലപ്പുറം | 17556 |
| 8 | വളപട്ടണം | കണ്ണൂർ | 145515 |
| 9 | ശ്രീകണ്ഠാപുരം | കണ്ണൂർ | 264780 |
| 10 | പെരുമ്പ | കണ്ണൂർ | 3834 |
| 11 | ഷിറിയ | കാസർഗോഡ് | 135527.40 |
| 12 | ഉപ്പള | കാസർഗോഡ് | 330435.50 |
| 13 | ചന്ദ്രഗിരി | കാസർഗോഡ് | 3988.58 |
| **ആകെ** | | | **15307836.48** |